**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1332** 04-02-2019 -ൽ മറുപടിക്ക്

**ദുരിതബാധിതർക്ക് വിതരണം ചെയ്ത സഹായധനം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പാറക്കൽ അബ്ദുല്ല** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | ഓഖി ദുരിതബാധിതർക്ക് വിതരണം ചെയ്ത തുക സംബന്ധിച്ച കേന്ദ്രീകൃതമായ കണക്ക് ശേഖരണം ഒരു വർഷമായിട്ടും നടന്നിട്ടില്ലെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഇല്ല. |
| ബി) | ഓഖി ദുരന്തത്തിൽപ്പെട്ട സഹായധനം ആവശ്യമായവർക്കെല്ലാം ലഭ്യമാക്കിയെന്ന് സർക്കാർ ഉറപ്പുവരുത്തിയോ; ഇല്ലെങ്കിൽ ഏതൊക്കെ വിഭാഗങ്ങളിൽപ്പെട്ട എത്രപേർക്ക് ഇനിയും സഹായധനം നൽകുവാനുണ്ട്; വിശദമാക്കുമോ; | ബി) | ഓഖി ദുരിതാശ്വാസം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകൾ പരിശോധിച്ച് അർഹരായവർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| സി) | പ്രളയ ദുരിതാശ്വാസമായി പ്രഖ്യാപിച്ച തുകയിൽ നിന്ന് 143.54 കോടി രൂപ കേന്ദ്രം വെട്ടിക്കുറച്ചതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടുകയുണ്ടായോ; | സി) & ഡി) | സംസ്ഥാന ദുരന്ത പ്രതികരണ നിധി (SDRF) ദുരന്ത നിവാരണ നിയമപ്രകാരം രൂപീകൃതമായ സഞ്ചിത നിധിയാണ്. ധനകാര്യ കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ഒരു നിശ്ചിത തുക എല്ലാ വർഷവും ദേശീയ ദുരന്ത പ്രതികരണ നിധിയിൽ നിന്നും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലേയ്ക്ക് അനുവദിക്കും. ഓരോ വർഷവും ലഭിക്കുന്ന തുക അതാത് വർഷം ചെലവഴിക്കുന്ന രീതി അല്ല ഈ നിധിക്ക് നിയമ പ്രകാരം ഉള്ളത്. നടപ്പ് സാമ്പത്തിക വർഷം ഉപയോഗിക്കാത്ത തുക അടുത്ത സാമ്പത്തിക വർഷത്തേക്ക് മുതൽക്കൂട്ടുന്നതാണ് ഈ നിധിയുടെ രീതി. ഇത്തരത്തിൽ എപ്പോഴും സംസ്ഥാനത്തിന്റെ കൈവശം അംഗീകൃത ദുരന്തങ്ങളുടെ പ്രതികരണത്തിന് ആവശ്യമായ പണം ഉണ്ടായിരിക്കുവാനാണ് ഈ നിധിയിലൂടെ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. |
| ഡി) | ഓഖി ദുരന്തബാധിതർക്കായി കേന്ദ്രം അനുവദിച്ച തുകയിൽ ഇനിയും ചെലവഴിക്കാതെ വന്ന തുകയാണോ ഈ വിധം വെട്ടിക്കുറച്ചത്; വിശദാംശങ്ങൾ നൽകുമോ? | | |

| | | | |
|---|---|---|---|
| | | | ദുരന്തം ഉണ്ടാകുന്ന അവസരങ്ങളിൽ സംസ്ഥാനത്തെ ദുരന്ത പ്രതികരണ നിധിയിൽ ഉള്ള തുക മതിയാകാതെ വരുന്ന സാഹചര്യത്തിൽ സംസ്ഥാനം കേന്ദ്രത്തെ ഒരു മെമ്മോറാണ്ടവുമായി അധിക സഹായത്തിനായി സമീപിക്കുകയും കേന്ദ്ര സർക്കാർ ആവശ്യമാണെങ്കിൽ ഉന്നത ഉദ്യോഗസ്ഥരെ അയച്ച് പരിശോധിച്ച് അധികമായി ആവശ്യമായി വരുമെന്ന് കാണുന്ന തുക നിർണ്ണയിച്ച് കേന്ദ്ര മാനദണ്ഡം പ്രകാരം അധിക സഹായം അനുവദിക്കുകയും ചെയ്യുന്നു.<br>സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നൽകിയ ഈ തുക ഏതെങ്കിലും പ്രത്യേക മേഖലയിൽ ചെലവഴിക്കുവാനായിട്ടല്ല നൽകുന്നത്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലെ തുക സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡ പ്രകാരം മാത്രമേ വിനിയോഗിക്കുവാൻ സാധിക്കുകയുള്ളൂ. അധികമായി അനുവദിക്കുന്ന തുക അതാത് ദുരന്തത്തിന് പ്രത്യേക നിധിയായി അല്ല അനുവദിക്കുന്നത്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലേക്ക് മൊത്തത്തിൽ അനുവദിക്കുകയും, സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിക്കുന്നത് പ്രകാരം ജില്ലാ കളക്ടർമാരുടെ ആവശ്യാനുസരണം ഉചിതമായ ദുരന്ത പ്രതികരണത്തിന് ചെലവഴിക്കുകയും ചെയ്യുന്നതാണ് ഇതിന്റെ രീതി.<br>ദേശീയ ദുരന്ത പ്രതികരണ നിധിയിൽ നിന്നും അധിക സഹായമായി തുക അനുവദിക്കുമ്പോൾ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലെ മുൻകാലങ്ങളിലെ നീക്കിയിരുപ്പായി ഉള്ള തുകയുടെ പകുതി കുറയ്ക്കുക എന്നത് ധനകാര്യ കമ്മീഷൻ അംഗീകരിച്ച കേന്ദ്ര മാനദണ്ഡം ആണ്. 2018-19 സാമ്പത്തിക വർഷാരംഭത്തിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ 287.08 കോടി രൂപ മുൻകാലങ്ങളിലെ നീക്കിയിരുപ്പായി ഉണ്ടായിരുന്നു. ഈ തുകയുടെ നേർപകുതിയായ 143.54 കോടി രൂപയാണ് കേന്ദ്ര മാനദണ്ഡം അനുസരിച്ച് സംസ്ഥാനത്തിന്റെ അധിക സഹായ അർഹതയിൽ നിന്നും കുറവ് ചെയ്തത്. ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് 111.7 കോടി രൂപ മാത്രമാണ് കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്ന് അനുവദിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ